# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1068** **30.11.2018-ൽ മറുപടിക്ക്**

## ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള അവകാശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ശശി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| സംസ്ഥാനത്തെ കടകളിലെയും കച്ചവട സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നത് ഉൾപ്പെടെയുള്ള അവകാശങ്ങൾ അനുവദിച്ച് ഉത്തരവായിട്ടുള്ള സർക്കാരിന്റെ 04.10.2018-ലെ 50/2018 എന്ന ഓർഡിനൻസിലെ വ്യവസ്ഥകൾ സ്ഥാപനങ്ങളിൽ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ? | കടകളിലും കച്ചവട സ്ഥാപനങ്ങളിലും തൊഴിൽ വകുപ്പ് നടത്തുന്ന പരിശോധനകളിൽ തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നത് ഉൾപ്പെടെയുള്ള അവകാശങ്ങൾ അനുവദിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചുള്ള പരിശോധനയും നടത്താറുണ്ട്. ആയതിന് ഒരു പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തേണ്ടതില്ല. |

സെക്ഷൻ ഓഫീസർ.